കേരള സർക്കാർ
COVID-19 OUTBREAK CONTROL AND PREVENTION STATE CELL
HEALTH & FAMILY WELFARE DEPARTMENT
GOVT. OF KERALA
www.health.kerala.gov.in
www.dhs.kerala.gov.in controlroomdhskerala@gmail.com

**തീയതി: 12/12/2021**

**സമയം: 2:00 PM**

കേരള സർക്കാർ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ പ്രതിദിന കോവിഡ്-19 ബുള്ളറ്റിൻ കേരളത്തിലെ കോവിഡ്-19 സാഹചര്യം സംഗ്രഹിക്കുന്നു. പ്രധാനപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ റഫറൻസുകൾ, വെബ്സൈറ്റുകൾ എന്നിവയിലേക്കുള്ള ലിങ്കുകൾ ബുള്ളറ്റിനിൽ ചേർത്തിട്ടുണ്ട്.

## നമ്മുടെ ആരോഗ്യം നമ്മുടെ ഉത്തരവാദിത്തം

- വ്യക്തികൾ തമ്മിൽ എല്ലാ സമയത്തും ചുരുങ്ങിയത് രണ്ട് മീറ്റർ അകലം പാലിക്കുക.
- എപ്പോഴും വൃത്തിയുള്ള ഫേസ് മാസ്ക് ധരിക്കുക
- വസ്തുക്കളെയും പ്രതലങ്ങളെയും സ്പർശിച്ചശേഷം കൈകൾ ശുചിയാക്കുക.
- മുഖത്ത് തൊടുന്നതിന് മുമ്പും ശേഷവും കൈ ശുചിത്വം പാലിക്കുക.
- ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും ശുചിത്വം പാലിക്കുക
- അടിയന്തിര സാഹചര്യങ്ങളിൽ ഒഴികെ വീടുകളിൽ നിന്ന് പുറത്തിറങ്ങുന്നത് ഒഴിവാക്കുക
- പ്രായമായവരെയും ദുർബലരെയും സംരക്ഷിക്കുക- റിവേഴ്സ് ക്വാറന്റൈൻ ഉറപ്പ് വരുത്തുക
- ചെറിയ രോഗലക്ഷണങ്ങൾ പോലും അവഗണിക്കരുത്. ചികിത്സ തേടുക
- കോവിഡ് പോസിറ്റീവ് ആയ മറ്റ് അനുബന്ധ രോഗമുള്ള ആളുകൾ വീട്ടിൽ ചികിത്സ തുടരുന്നത് ഒഴിവാക്കി എത്രയും പെട്ടെന്ന് ആശുപത്രിയിൽ ചികിത്സ തേടുക .
- കോവിഡ് 19 നെ ചെറുക്കുന്നതിനുള്ള പൊതു ജനങ്ങളുടെ പ്രവർത്തനങ്ങൾ കോവിഡ് വാക്സിനേഷൻ കൂടെ ആരംഭിച്ചതോടെ ശക്തിപ്പെട്ടു. വാക്സിനേഷൻ എത്രയും വേഗം പൂർത്തിയാക്കുന്നത് വഴി ആളുകളെ സംരക്ഷിക്കാൻ സാധിക്കും .

- ഡിസംബർ 12 വരെ വാക്സിനേഷൻ എടുക്കേണ്ട ജനസംഖ്യയുടെ 97% പേർക്ക് ഒരു ഡോസ് വാക്സിനും (2,58,82,905), 70.7% പേർക്ക് രണ്ട് ഡോസ് വാക്സിനും (1,88,89,425) നൽകി.
- ഇന്ത്യയിൽ ഏറ്റവും കൂടുതൽ വാക്സിനേഷൻ / ദശലക്ഷം ഉള്ള സംസ്ഥാനം കേരളമാണ്-1254146. 45 വയസ്സിൽ കൂടുതൽ പ്രായമുള്ള 97 ശതമാനത്തിലധികം ആളുകൾക്ക് ഒറ്റ ഡോസും 80% പേർക്ക് രണ്ട് ഡോസും വാക്സിനേഷൻ സംസ്ഥാനം നൽകിയിട്ടുണ്ട്*. (*ലക്ഷ്യം പുനർനിർണയിച്ചു)
- ഈ വിവരങ്ങൾ സൂചിപ്പിക്കുന്നത് വാക്സിനേഷനോട് ആളുകൾ സഹകരിക്കുന്നു എന്നാണ് . കോവിഷീൽഡ് / കോവാക്സിൻ എന്നിവയുടെ രണ്ടാമത്തെ ഡോസ് കാലതാമസം കൂടാതെ എല്ലാവരും എടുക്കേണ്ടതാണ് . രണ്ട് വാക്സിനുകളും ഫലപ്രദമാണ്.

- ഇന്നത്തെ റിപ്പോർട്ട് പ്രകാരം, 3777 പുതിയ രോഗികളിൽ 3242 പേർ വാക്സിനേഷന് അർഹരായിരുന്നു. ഇവരിൽ 343 പേർ ഒരു ഡോസ് വാക്സിനും 1855 പേർ രണ്ടു ഡോസ് വാക്സിനും എടുത്തിരുന്നു .
- **എന്നാൽ 1044 പേർക്ക് വാക്സിൻ ലഭിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല . വാക്സിൻ ലഭിക്കാത്ത ഇവരുടെ രോഗാവസ്ഥ കൃത്യമായി നിരീക്ഷിക്കുകയും , അവരിൽ രോഗാതുരരായ ആളുകൾ ആശുപത്രികളിൽ ആരോഗ്യ പരിചരണം തേടേണ്ടതാണെന്നും നിർദ്ദേശിക്കുന്നു. കോവിഡ്-19 വാക്സിനുകൾ ആളുകളെ അണുബാധയിൽ നിന്നും ഗുരുതരമായ അസുഖത്തിൽ നിന്നും സംരക്ഷിക്കുകയും ആശുപത്രിവാസത്തിന്റെയും മരണത്തിന്റെയും സാധ്യത ഗണ്യമായി കുറയ്ക്കുകയും ചെയ്യുന്നു. കോവിഡ് മരണങ്ങളുടെ വിശകലനത്തിൽ വാക്സിനേഷൻ എടുക്കാത്ത അനുബന്ധ രോഗങ്ങൾ ഉള്ള ആളുകൾക്ക് മരണസാധ്യത കൂടുതലാണ് എന്ന് കണ്ടിട്ടുണ്ട്. ആയതിനാൽ, പ്രത്യേകിച്ച് അനുബന്ധ രോഗങ്ങൾ ഉള്ള ആളുകൾ ശ്രദ്ധിക്കണം. എല്ലാവരും കോവിഡ് പ്രതിരോധത്തിനു വേണ്ട പെരുമാറ്റങ്ങൾ പിന്തുടരണം.**
- ഡിസംബർ 3– ഡിസംബർ 9 കാലയളവിൽ, ശരാശരി 42,024 കേസുകൾ ചികിത്സയിലുണ്ടായിരുന്നതിൽ 1.9% പേർക്ക് മാത്രമാണ് ഓക്സിജൻ കിടക്കകളും 1.5% പേർക്ക് മാത്രമാണ് ഐസിയുവും ആവശ്യമായി വന്നത്. ഈ കാലയളവിൽ, കഴിഞ്ഞ ആഴ്ചയുമായി താരതമ്യം ചെയ്യുമ്പോൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന പുതിയ കേസുകളിൽ ഏകദേശം 836 കുറവ് ഉണ്ടായി. പുതിയ കേസുകളുടെ വളർച്ചാ നിരക്കിൽ മുൻ ആഴ്ചയുമായി താരതമ്യപ്പെടുത്തുമ്പോൾ 3% ഉം കുറവ് ഉണ്ടായിട്ടുണ്ട്.
- നിലവിൽ രോഗം സ്ഥിരീകരിച്ച് ചികിത്സയിലുള്ള രോഗികൾ, ആശുപത്രികൾ, ഫീൽഡ് ആശുപത്രികൾ , ഐസിയു, വെന്റിലേറ്റർ, ഓക്സിജൻ കിടക്കകൾ എന്നിവിടങ്ങളിലെ രോഗികളുടെ എണ്ണം എന്നിവ മുൻ ആഴ്ചയുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ ആഴ്ചയിൽ യഥാക്രമം 9%, 6%, 0.1%, 13% ,8%, 4% കുറഞ്ഞു. ആശുപത്രിവാസത്തിന്റെ നിരക്കും ഗുരുതരമായ കേസുകളും കുറയുന്ന പ്രവണതയാണ് കാണിക്കുന്നത്.
- ഏതൊരു രോഗ നിയന്ത്രണ പ്രോഗ്രാമിനും, സജീവമായ കേസ് കണ്ടെത്തൽ പ്രധാനമാണ്. സംസ്ഥാനം ഉചിതമായ അളവിൽ പരിശോധനയും നടത്തുന്നു. എന്നിരുന്നാലും, ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് സംബന്ധിച്ച് ഒരു ആശങ്കയുണ്ട്. ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് അണുബാധയെ സൂചിപ്പിക്കുന്നു. അണുബാധ ഉണ്ടാകുന്നതു സംബന്ധിച്ച് എല്ലാവരും മനസ്സിലാക്കേണ്ട രണ്ട് പ്രത്യേക വസ്തുതകളുണ്ട്. ആദ്യം ഒരു വ്യക്തിയിൽ അണുബാധയുണ്ടാകുന്നു, അത് കാരണം തുടർന്ന് രോഗം പ്രകടമാകുന്നു. വാക്സിനേഷന് ശേഷമുള്ള കാലഘട്ടത്തിൽ ലോകമെങ്ങും, പകർച്ചവ്യാധിയുടെ തീവ്രത തീരുമാനിക്കാൻ ഇത് പരിവർത്തന നിരക്കായി(കൺവേർഷൻ റേറ്റ്) കണക്കാക്കുന്നു.
- നിലവിൽ 38,361 കോവിഡ് കേസുകളിൽ, 8.1% വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിലോ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്. ഈ ശതമാനം ഏറെക്കുറെ സ്ഥിരമായി തുടരുന്നുമുണ്ട്. ഇത് സൂചിപ്പിക്കുന്നത് അണുബാധ ഉണ്ടാവുന്ന വ്യക്തികളിൽ ഉചിതമായ പരിചരണവും പിന്തുണയും നൽകുന്നത് കൊണ്ട് രോഗത്തിലേക്കുള്ള മാറ്റം ആശങ്കാജനകമായ അളവിൽ വർധിക്കുന്നില്ല എന്നാണ്. എന്നാൽ രോഗാതുരത ഉണ്ടെങ്കിലും ആശുപത്രിയിൽ എത്തുന്ന ഭൂരിഭാഗം രോഗികളും, വൈകി എത്തുന്നവരായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട് . വൈകി ആശുപത്രിയിൽ എത്തി മരണം സംഭവിച്ചവരിൽ, ഏറ്റവും അധികം കാണപ്പെട്ട അനുബന്ധ രോഗങ്ങൾ പ്രമേഹവും രക്താധിമർധവും ഒരുമിച്ചുണ്ടായതാണ് . ആയതിനാൽ, കോവിഡ് അണുബാധ സ്ഥിരീകരിച്ച എല്ലാ ആളുകളെയും പ്രത്യേകിച്ച് അനുബന്ധ രോഗങ്ങൾ ഉണ്ടെങ്കിൽ കൃത്യസമയത്ത് ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടതാണ്.
- പൊതു ജനങ്ങൾ എല്ലാവരും നിർദ്ദേശങ്ങൾ പാലിക്കുകയും വാക്സിൻ എടുക്കുകയും ചെയ്യുന്നതിനാൽ കൺവേർഷൻ റേറ്റ് മാറ്റമില്ലാതെ തുടരുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. എന്നിരുന്നാലും, എല്ലാവരിൽ നിന്നുമുള്ള പൂർണ്ണ സഹകരണത്തോടെ ഇത് കൂടുതൽ മെച്ചപ്പെടുത്താൻ കഴിയും. അതോടൊപ്പം കോമോർബിഡിറ്റികളുള്ള (അനുബന്ധ രോഗങ്ങൾ) കോവിഡ് പോസിറ്റീവ് വ്യക്തി ആശുപത്രിയിൽ എത്തുന്നത് വൈകിക്കരുത്, മാത്രമല്ല ട്രീറ്റ്മെന്റ്പ്രോട്ടോക്കോളുകൾ അനുസരിച്ച് ചികിത്സ എടുക്കുകയും ചെയ്യണം .
- ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ കോവിഡ് ബാധിതരായ വ്യക്തികളിൽ 6% പേർ കോവിഡ് വാക്സിന്റെ ഒരു ഡോസ് എടുക്കുകയും, 3.6% കോവിഡ് വാക്സിന്റെ രണ്ട് ഡോസുകൾ എടുക്കുകയും ചെയ്തിരുന്നു. അണുബാധ തടയാൻ വാക്സിനേഷന് ശേഷമുള്ള രോഗപ്രതിരോധശേഷി ഫലപ്രദമാണെന്നും, എന്നാൽ വാക്സിനേഷൻ എടുത്ത ആളുകൾക്ക് കുറഞ്ഞ അളവിലെങ്കിലും രോഗബാധ ഉണ്ടായേക്കാം എന്നുമാണ് ഇത് സൂചിപ്പിക്കുന്നത്. അതിനാൽ അനുബന്ധ രോഗങ്ങൾ ഉള്ളവർ രോഗം വരാതിരിക്കാൻ വേണ്ട മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. വാക്സിനേഷൻ എടുത്തവരിൽ , രോഗലക്ഷണമുള്ളവർ മാത്രം ഡോക്ടറെ സമീപിച്ചാൽ മതിയാകും. വാക്സിനേഷൻ എടുക്കാത്ത ആളുകൾ, രോഗലക്ഷണമുണ്ടെങ്കിൽ, ആർടിപിസിആർ പരിശോധന നടത്തേണ്ടതാണ്. ആന്റിജൻ പരിശോധന അടിയന്തിര ആവശ്യങ്ങൾക്ക് മാത്രമാണ്. കഴിഞ്ഞ 2 മാസങ്ങളിൽ കോവിഡ് പോസിറ്റീവ് ആയ ആളുകൾ ആർടിപിസിആർ പരിശോധന നടത്തേണ്ടതില്ല .
- ഗൃഹ നിരീക്ഷണത്തിൽ തുടരുന്ന കോവിഡ് പോസിറ്റീവ് ആയ എല്ലാ യുവാക്കളും പ്രമേഹ പരിശോധന ചെയ്യേണ്ടതാണ്.

## I. കോവിഡ് കേസുകളുടെ സംഗ്രഹം

### പട്ടിക 1. 11/12/2021 വരെയുള്ള കേസുകളുടെ സംഗ്രഹം

| പോസിറ്റീവ് കേസുകൾ | രോഗമുക്തി നേടിയവർ | നിരീക്ഷണത്തിൽ പുതുതായി ചേർക്കപ്പെട്ട വ്യക്തികൾ | ഹോം/ഇൻസ്റ്റിറ്റ്യൂഷനൽ നിരീക്ഷണത്തിൽ പുതുതായി ചേർക്കപ്പെട്ട വ്യക്തികൾ | ആശുപത്രി നിരീക്ഷണത്തിൽ ഉള്ളവർ | ആകെ മരണങ്ങൾ | G.O.(Rt) No.2110/2021/H &FWD പ്രകാരം അപ്പീൽ വഴി സ്ഥിരീകരിച്ച മരണങ്ങൾ (B) | G.O.(Rt) No.2219/2021/H&FWD Dated 14 October പ്രകാരം ജൂൺ18 വരെ (ഓഫ്‌ലയിൻ പിരീഡ്) തീർച്ചപ്പെടുത്താത്ത മരണങ്ങൾ സ്ഥിരീകരിച്ചത് (C) |
|---|---|---|---|---|---|---|---|
| *5190828* | *5108764* | *11592* | *11386* | *206* | *42824* | *9242* | *3779* |

### പട്ടിക 2. കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ ഉള്ള കേസുകളുടെ സംഗ്രഹം

| പോസിറ്റീവ് കേസുകൾ | രോഗമുക്തി നേടിയവർ | നിരീക്ഷണത്തിൽ പുതുതായി ചേർക്കപ്പെട്ട വ്യക്തികൾ | ഹോം/ഇൻസ്റ്റിറ്റ്യൂഷനൽ നിരീക്ഷണത്തിൽ പുതുതായി ചേർക്കപ്പെട്ട വ്യക്തികൾ | ആശുപത്രി നിരീക്ഷണത്തിൽ ഉള്ളവർ | പ്രതിദിന മരണങ്ങൾ (A) | G.O.(Rt) No.2110/2021/H& FWD പ്രകാരം അപ്പീൽ വഴി സ്ഥിരീകരിച്ച മരണങ്ങൾ (B) | G.O.(Rt) No.2219/2021/H &FWD Dated 14 October പ്രകാരം ജൂൺ18 വരെ (ഓഫ്‌ലയിൻ പിരീഡ്) തീർച്ചപ്പെടുത്താത്ത മരണങ്ങൾ സ്ഥിരീകരിച്ചത് (C) |
|---|---|---|---|---|---|---|---|
| *3777* | *3856* | *10917* | *10721* | *196* | *34* | ***109*** | ***0*** |

### പട്ടിക 3. ആകെയുള്ള കേസുകളുടെ സംഗ്രഹം (12/12/2021 വരെ)

| ആകെ പോസിറ്റീവ് കേസുകൾ | നിലവിൽ ചികിത്സയിലുള്ളവർ | ഇത് വരെ രോഗമുക്തി നേടിയവർ | ആകെ നിരീക്ഷണത്തിലുള്ളവർ | ഹോം/ഇൻസ്റ്റിറ്റ്യൂഷനിൽ നിരീക്ഷണത്തിലുള്ളവർ | നിലവിൽ ആശുപത്രി നിരീക്ഷണത്തിലുള്ളവർ | ആകെയുള്ള മരണങ്ങൾ (D) | G.O.(Rt) No.2110/2021/H &FWD dated 29 September പ്രകാരം അപ്പീൽ വഴി സ്ഥിരീകരിച്ച ആകെയുള്ള മരണങ്ങൾ (E) | G.O.(Rt) No.2219/2021/H&FWD Dated 14 October പ്രകാരം ജൂൺ18 വരെ (ഓഫ് ലയിൻ പിരീഡ്) തീർച്ചപ്പെടുത്താത്ത മരണങ്ങൾ ആകെ സ്ഥിരീകരിച്ചത് (F) |
|---|---|---|---|---|---|---|---|---|
| *5194605* | *38361* | *5112620* | *161911* | *157577* | *4334* | *42967* | *9351* | *3779* |

പട്ടിക 4. പുതിയ പോസിറ്റീവ് കേസുകൾ, രോഗമുക്തി നേടിയവർ, സജീവ കേസുകൾ എന്നിവയുടെ ജില്ല തിരിച്ചുള്ള സംഗ്രഹം

| ജില്ല | പുതിയ കേസുകൾ | ഇന്ന് രോഗമുക്തി നേടിയവർ | ജില്ലയിൽ ചികിത്സയിലുള്ള വ്യക്തികൾ |
|---|---|---|---|
| തിരുവനന്തപുരം | 808 | 359 | 6393 |
| കൊല്ലം | 229 | 179 | 2196 |
| പത്തനംതിട്ട | 170 | 298 | 930 |
| ആലപ്പുഴ | 96 | 142 | 873 |
| കോട്ടയം | 242 | 375 | 3931 |
| ഇടുക്കി | 182 | 142 | 1942 |
| എറണാകുളം | 590 | 606 | 5943 |
| തൃശ്ശൂർ | 224 | 432 | 3358 |
| പാലക്കാട് | 80 | 19 | 414 |
| മലപ്പുറം | 212 | 281 | 1987 |
| കോഴിക്കോട് | 505 | 492 | 5689 |
| വയനാട് | 110 | 203 | 1359 |
| കണ്ണൂർ | 249 | 284 | 2363 |
| കാസറഗോഡ് | 80 | 44 | 983 |
| ആകെ | 3777 | 3856 | 38361 |

**പട്ടിക 5. ഓൺലൈൻ, ഓഫ്‌ലൈൻ പരിശോധനകൾക്ക് ശേഷം ജില്ല തിരിച്ചുള്ള മരണങ്ങൾ**

| ജില്ല | പ്രതിദിന മരണങ്ങൾ (A) | G.O.(Rt) No.2110/2021/H&FWD Dated 29 September പ്രകാരം പ്രഖ്യാപിച്ച മരണങ്ങൾ (B) | G.O.(Rt) No.2219/2021/H&FWD Dated 14 October പ്രകാരം ജൂൺ18 വരെ തീർച്ചപ്പെടുത്താത്ത മരണങ്ങൾ (C) | ഇന്ന് അംഗീകരിക്കപ്പെട്ട മരണങ്ങൾ (A+B+C) |
|---|---|---|---|---|
| തിരുവനന്തപുരം | 3 | 5 | 0 | 8 |
| കൊല്ലം | 3 | 0 | 0 | 3 |
| പത്തനംതിട്ട | 0 | 0 | 0 | 0 |
| ആലപ്പുഴ | 0 | 0 | 0 | 0 |
| കോട്ടയം | 6 | 65 | 0 | 71 |
| ഇടുക്കി | 0 | 0 | 0 | 0 |
| എറണാകുളം | 0 | 39 | 0 | 39 |
| തൃശ്ശൂർ | 0 | 0 | 0 | 0 |
| പാലക്കാട് | 1 | 0 | 0 | 1 |
| മലപ്പുറം | 21 | 0 | 0 | 21 |
| കോഴിക്കോട് | 0 | 0 | 0 | 0 |
| വയനാട് | 0 | 0 | 0 | 0 |
| കണ്ണൂർ | 0 | 0 | 0 | 0 |
| കാസറഗോഡ് | 0 | 0 | 0 | 0 |
| **ആകെ** | **34** | **109** | **0** | **143** |

- ടാക്ക് A യുടെ ലിസ്റ്റ് ബുള്ളറ്റിനിൽ പരാമർശിച്ചിട്ടുണ്ട്
- ടാക്ക് B, ടാക്ക് C ലിസ്റ്റുകൾ നീണ്ടതായതിനാൽ ഈ ബുള്ളറ്റിനിൽ ഉൾപ്പെടുത്തിയിട്ടില്ല. താഴെ നൽകിയിട്ടുള്ള ലിങ്കിലൂടെയോ ഡിഎംഒ ഓഫീസിൽ നിന്നോ ഇത് പരിശോധിക്കാവുന്നതാണ്.
- https://covid19.kerala.gov.in/deathinfo/covidDeathDeclarationList.jsp

പട്ടിക 6. 2020 മെയ് നാലിന് ശേഷമുള്ള കോവിഡ്-19 കേസുകളുടെ സമ്പർക്ക/യാത്രാ ചരിത്രം

| | |
|---|---|
| ആകെ രോഗബാധിതർ | *5194106* |
| അന്താരാഷ്ട്ര /അന്തർസംസ്ഥാന യാത്രാ ചരിത്രമുള്ള രോഗികൾ | *63221* |
| സമ്പർക്കത്തിലൂടെ രോഗമുണ്ടായവർ | *5130885* |

പട്ടിക 7. ഇന്ന് റിപ്പോർട്ട് ചെയ്ത കേസുകളുടെ സമ്പർക്ക/യാത്രാ ചരിത്രം

| | |
|---|---|
| ആകെ രോഗബാധിതർ | *3777* |
| അന്താരാഷ്ട്ര /അന്തർസംസ്ഥാന യാത്രാ ചരിത്രമുള്ള രോഗികൾ | *11* |
| സമ്പർക്കത്തിലൂടെ രോഗമുണ്ടായവർ | *3595* |
| യാത്രാ ചരിത്രമോ സമ്പർക്കമോ ഇല്ലാതെ രോഗമുണ്ടായവർ | *171* |

പട്ടിക 8. കഴിഞ്ഞ 24 മണിക്കൂറിൽ റിപ്പോർട്ട് ചെയ്യപ്പെട്ട കോവിഡ്-19 മരണങ്ങളുടെ സംഗ്രഹം

| Sl no. | District | Name | Place | Age | Gender | Death Date |
|---|---|---|---|---|---|---|
| 1 | Thiruvananthapuram | Leelamma A L | Thiruvananthapuram | 73 | Female | 11-12-2021 |
| 2 | Thiruvananthapuram | Soman Nair | Thiruvananthapuram | 73 | Male | 10-12-2021 |
| 3 | Thiruvananthapuram | Vijayamma | Navayikulam | 78 | Female | 11-12-2021 |
| 4 | Kollam | Janardhanan Nair | Punalur | 90 | Male | 10-12-2021 |
| 5 | Kollam | Mydheen Kunju | Kareepra | 87 | Male | 12-12-2021 |
| 6 | Kollam | Susamma Alexander | Kottarakkara | 70 | Female | 08-12-2021 |
| 7 | Kottayam | Aleykutty Chacko | Thalayolaparambu | 66 | Female | 07-12-2021 |
| 8 | Kottayam | Ambika | Kottayam | 75 | Female | 09-12-2021 |
| 9 | Kottayam | Balakrishnan Nair | Kooroppada | 74 | Male | 10-12-2021 |
| 10 | Kottayam | Jomon K Mathew | Ayarkunnam | 29 | Male | 10-12-2021 |
| 11 | Kottayam | K B Abraham | Puthuppally | 74 | Male | 09-12-2021 |
| 12 | Kottayam | Pennamma | Arpookkara | 75 | Female | 10-12-2021 |
| 13 | Palakkad | Chandrasekaran | Pattanchery | 95 | Male | 11-12-2021 |
| 14 | Malappuram | Abdul Rahman | Edappal | 60 | Male | 30-11-2021 |
| 15 | Malappuram | Abdu Rahman | Kalikavu | 53 | Male | 29-11-2021 |
| 16 | Malappuram | Abdussamad Chirayakkuth | Kalpakancheri | 59 | Male | 26-11-2021 |
| 17 | Malappuram | Ahammed | Parappur | 73 | Male | 14-11-2021 |
| 18 | Malappuram | Hafsath | Cherukavu | 40 | Female | 21-11-2021 |
| 19 | Malappuram | Hydru | Othukkungal | 76 | Male | 19-11-2021 |
| 20 | Malappuram | Ishaque | Vengara | 36 | Male | 26-11-2021 |
| 21 | Malappuram | Kunheedu | Kodur | 65 | Male | 11-11-2021 |
| 22 | Malappuram | Kunhi Mohammed | Anakayam | 84 | Male | 23-11-2021 |
| 23 | Malappuram | Marakar | Vazhayur | 88 | Male | 15-11-2021 |
| 24 | Malappuram | Mohammed | Thazhekkode | 75 | Male | 27-11-2021 |
| 25 | Malappuram | Mohammed Shabeel | Malappuram | 51 | Male | 22-10-2021 |
| 26 | Malappuram | Mohanan | Pandikkad | 61 | Male | 27-11-2021 |
| 27 | Malappuram | Parameswaran | Valanchery | 85 | Male | 20-11-2021 |

| | | | | | | |
|---|---|---|---|---|---|---|
| 28 | Malappuram | Pathumma Kutty | Mankada | 70 | Female | 28-11-2021 |
| 29 | Malappuram | Pathummu | Othukkungal | 78 | Female | 30-11-2021 |
| 30 | Malappuram | Radhamani | Edappal | 56 | Female | 27-11-2021 |
| 31 | Malappuram | Sainudheen | Athavanad | 62 | Male | 21-11-2021 |
| 32 | Malappuram | Shoukathali | Vazhikkadavu | 55 | Male | 29-11-2021 |
| 33 | Malappuram | Sosamma | Edakkara | 51 | Female | 21-11-2021 |
| 34 | Malappuram | Velayudhan | Nilambur | 69 | Male | 28-11-2021 |

*വിശദമായ പട്ടിക ജില്ല മെഡിക്കൽ ഓഫീസിൽ ലഭ്യമാണ്*

**പട്ടിക 9. ഗുരുതരാവസ്ഥയിലുള്ള രോഗികളുടെ സംഗ്രഹം (12/12/2021)**

| | |
|---|---|
| ഐ.സി.യുവിൽ ചികിത്സയിലുള്ള രോഗികൾ | *565* |
| വെന്റിലേറ്ററിലുള്ള രോഗികൾ | *206* |

** സർക്കാർ, സ്വകാര്യ ആശുപത്രികളിൽ നിന്നുള്ള ഐസിയു, വെന്റിലേറ്റർ ഡാറ്റ ഇതിൽ ഉൾപ്പെടുന്നു.*

## II. കോവിഡ് പരിശോധനാ സംഗ്രഹം

**പട്ടിക 10. ആകെ പരിശോധിച്ച സാമ്പിളുകൾ**

| ആകെ അയച്ച സാമ്പിൾ | ആകെ റുട്ടീൻ + സെന്റിനൽ നിരീക്ഷണ സാമ്പിൾ | വിമാനത്താവള നിരീക്ഷണ സാമ്പിൾ | സി ബി നാറ്റ് | ട്രു നാറ്റ് | പി ഒ സി ടി പി സി ആർ | ആർ ടി എൽ എ എം പി | ആന്റിജെൻ പരിശോധന |
|---|---|---|---|---|---|---|---|
| *40463390* | *16897298* | *77321* | *124482* | *839156* | *90237* | *37811* | *22403399* |

**പട്ടിക 11. കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ പരിശോധിച്ച സാമ്പിളുകൾ**

| ആകെ അയച്ച സാമ്പിൾ | റുട്ടീൻ + സെന്റിനൽ നിരീക്ഷണ സാമ്പിൾ (പി സി ആർ) | സി ബി നാറ്റ് | ട്രു നാറ്റ് | പി ഒ സി ടി പി സി ആർ | ആർ ടി എൽ എ എം പി | ആന്റിജെൻ പരിശോധന |
|---|---|---|---|---|---|---|
| *57121* | *40688* | *249* | *870* | *815* | *218* | *14281* |

## III. നിരീക്ഷണം

പട്ടിക 12. ഇന്ന് നിരീക്ഷണത്തിലുള്ള വ്യക്തികളുടെ ജില്ല തിരിച്ചുള്ള സംഗ്രഹം

| ജില്ല | ആകെ നിരീക്ഷണത്തിലുള്ള വ്യക്തികൾ | ഹോം, ഇൻസ്റ്റിറ്റ്യൂഷണൽ നിരീക്ഷണത്തിലുള്ള വ്യക്തികൾ | ആശുപത്രി നിരീക്ഷണത്തിലുള്ളവർ | ആശുപത്രി നിരീക്ഷണത്തിൽ പുതുതായി ചേർക്കപ്പെട്ട വ്യക്തികൾ |
|---|---|---|---|---|
| തിരുവനന്തപുരം | 29602 | 28333 | 1269 | 30 |
| കൊല്ലം | 8783 | 8500 | 283 | 21 |
| പത്തനംതിട്ട | 2794 | 2389 | 405 | 5 |
| ആലപ്പുഴ | 3272 | 3216 | 56 | 5 |
| കോട്ടയം | 19316 | 18988 | 328 | 5 |
| ഇടുക്കി | 5472 | 5370 | 102 | 2 |
| എറണാകുളം | 22913 | 22372 | 541 | 7 |
| തൃശ്ശൂർ | 5007 | 4824 | 183 | 15 |
| പാലക്കാട് | 12473 | 12335 | 138 | 22 |
| മലപ്പുറം | 10639 | 10467 | 172 | 16 |
| കോഴിക്കോട് | 17952 | 17674 | 278 | 14 |
| വയനാട് | 11344 | 11254 | 90 | 12 |
| കണ്ണൂർ | 7911 | 7690 | 221 | 35 |
| കാസറഗോഡ് | 4433 | 4165 | 268 | 7 |
| **ആകെ** | **161911** | **157577** | **4334** | **196** |

പട്ടിക 13. യാത്രാ ചരിത്രമുള്ളവരുടെ നിരീക്ഷണം (12/12/2021)

| യാത്രാമാർഗ്ഗം | യാത്രക്കാരുടെ എണ്ണം |
|---|---|
| അന്താരാഷ്ട്ര വിമാനത്താവളം | 2615757 |
| **ആകെ** | **2615757** |

## IV. മാനസിക സാമൂഹിക പിന്തുണ

**"ഒറ്റയ്ക്കല്ല ഒപ്പമുണ്ട്":** ക്വാറന്റൈൻ/ഐസോലെഷനിൽ കഴിയുന്ന വ്യക്തികൾ, മനോരോഗ ചികിത്സയിൽ ഇരിക്കുന്നവർ, ഭിന്നശേഷി കുട്ടികൾ, അഥിതി തൊഴിലാളികൾ, ഒറ്റയ്ക്ക് കഴിയുന്ന വയോജനങ്ങൾ, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾ എന്നിവർക്ക് മാനസിക സാമൂഹിക പിന്തുണ നൽകുന്നു. സ്കൂൾ കുട്ടികളുടെ മാനസിക സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കുവാനും സൈക്കോ സോഷ്യൽ സപ്പോർട്ട്/കൌൺസിലിംഗ് കോളുകൾ നൽകുന്നു. മാനസിക-സാമൂഹിക പിന്തുണ നൽകുന്നതിനായി സൈക്യാട്രിസ്റ്റ്കൾ, സൈക്യാട്രിക് സോഷ്യൽ വർക്കർമാർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്കൾ, കൌൺസിലർമാർ എന്നിവർ ഉൾപ്പെട്ട *776* മാനസികാരോഗ്യ പ്രവർത്തകർ ഇതിനായി ജില്ലാ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നു,

**പട്ടിക.13. "ഒറ്റയ്ക്കല്ല ഒപ്പമുണ്ട്" എന്ന പ്രോഗ്രാമിലൂടെ നൽകുന്ന മാനസിക പിന്തുണയുടെ വിശദാംശങ്ങൾ**

| | |
|---|---|
| മാനസികാരോഗ്യ പ്രവർത്തകരുടെ എണ്ണം | *776* |
| ക്വാറന്റൈൻ/ഐസോലെഷനിൽ കഴിയുന്ന വ്യക്തികൾക്ക് നൽകിയ കോളുകൾ | *73,31,265* |
| ഫോളോ അപ്പ് കോളുകൾ | *32,12,102* |
| പോസ്റ്റ് കോവിഡ് കോളുകൾ (20-ആം ദിവസം) | *11,33,087* |
| മനോരോഗ ചികിത്സയിൽ ഇരിക്കുന്നവർ, ഭിന്നശേഷി കുട്ടികൾ, അതിഥി തൊഴിലാളികൾ, ഒറ്റയ്ക്ക് കഴിhയുന്ന വയോജനങ്ങൾ എന്നിവർക്ക് നൽകിയ കോളുകൾ | *3,48,860* |
| സ്കൂൾ കുട്ടികൾക്ക് സൈക്കോ സോഷ്യൽ സപ്പോർട്ട് കോളുകൾ | *9,75,592* |
| ആരോഗ്യ പ്രവർത്തകർക്ക് നൽകിയ കോളുകൾ | *64,194* |
| ഹെൽപ്പ് ലൈൻ നമ്പറുകളിൽ വന്ന കോളുകൾ | *91,050* |
| **ആകെ നൽകിയ കോളുകൾ** | *1,31,56,150* |

## V.അനുബന്ധം

**അനുബന്ധം 1. തീവ്രബാധിത പ്രദേശങ്ങൾ (12/12/2021)**

| Panchayaths and Urban Wards with WIPR >10 | | | |
|---|---|---|---|
| **Sl.No** | **District** | **LSG** | **Ward No** |
| 1 | Ernakualm | Kalloorkkadu | 8, 7 |
| 2 | Ernakualm | Pothanicadu | 3 |
| 3 | Ernakualm | Aikaranad | 4 |
| 4 | Ernakualm | Keerambra | 10 |
| 5 | Wayanad | Vythiri | 8 |
| *As per G.O(Rt) No.643/2021/DMD dated 18.09.2021* | | | |

### *DISTRICT WISE ABSTRACT*

| *Sl. No* | *Name of District* | *WIPR (> 10)* | |
|---|---|---|---|
| | | *No. of LSGs* | *No. of Wards* |
| *1* | *Ernakulam* | *4* | *5* |
| *2* | *Wayanad* | *1* | *1* |
| ***Total*** | | ***5*** | ***6*** |

| *References* |
|---|
| *1.Thiruvanathapuram: Nil* |
| *2.Kollam: Nil* |
| *3.Pathanamthitta: Nil* |
| *4.Kottayam: Nil* |
| *5.Alappuzha: Nil* |
| *6.Idukki: Nil* |
| *7.Ernakulam: 3804/2020/D2 dated 07.12.2021* |
| *8.Thirissur: Nil* |
| *9.Palakkad: Nil* |
| *10.Malappuram: Nil* |
| *11.Kozhikkode: Nil* |
| *12.Wayanad: DCWYD/2671/2021/DM5 dated 04.12.2021* |
| *13.Kannur: Nil* |
| *14.Kasaragod: Nil* |

**അനുബന്ധം 2: District Covid 19 Control Room Numbers Oxygen War Room Numbers**

| ജില്ല | കോവിഡ്-19 കൺട്രോൾ റൂംനമ്പർ | ഓക്സിജൻ വാർ റൂം നമ്പർ |
|---|---|---|
| **തിരുവനന്തപുരം** | 9188610100, 1077, 0471 277 9000 | 7592939426, 7592949448 |
| **കൊല്ലം** | 0474 2797609, 2794006, 8589015556 | 75920 03857 |
| **പത്തനംതിട്ട** | 0477 2239999, 2238642, 2238651 | 7594041555 |
| **ആലപ്പുഴ** | 0468 2222515, 0468 2228220 | 1077, 8547715558 |
| **കോട്ടയം** | 18004255640, 0486 2232220, 2233118 | 18004255640, 04862233118 |
| **ഇടുക്കി** | 9188610014, 9188610016, 0481 2304800, 0481 2583200, 0481 2566100, 0481 2566700, 0481 2561300 | 0481 256 7390 |
| **എറണാകുളം** | 0484 2368702, 0484 2368802, 0484 2368902 ഗസ്റ്റ് കൺട്രോൾ റൂം 9072303275, 9072303276 വാട്ട്സ് ആപ് നമ്പർ 9400021077 | 75940 46167 |
| **തൃശൂർ** | 9400066921, 9400066922, 9400066923 | 9400063430, 7034099935 |
| **പാലക്കാട്** | 0491 2510580, 04912510583 0491 2510575, 0491 251 0576, 251 0574 | 0491251 0577, 8848902376 |
| **മലപ്പുറം** | 0483 2737858, 0483 2737857,0483 2733251, 0483 2733252, 2733253 | 0483 2952950 |
| **കോഴിക്കോട്** | 0495 2371471, 0495 2376063 Collectorate 0495 2371002 | 75940-01419, 7594001485 |
| **വയനാട്** | 0497 2700194, 2713437, 9400066062, 9400066616 | 8281899687 |
| **കണ്ണൂർ** | 04936 202343, 04936 202375 | 9526831678 |
| **കാസറഗോഡ്** | 9946000493, 9946000293 | 9645002811 |

**അനുബന്ധം 3. മാർഗ്ഗനിർദ്ദേശങ്ങളുടേയും വെബ്സൈറ്റുകളുടേയും ലിങ്കുകൾ**

| | |
|---|---|
| ഡാഷ്ബോർഡ് | https://dashboard.kerala.gov.in/ |
| പ്രതിദിന ബുള്ളറ്റിൻ | http://dhs.kerala.gov.in/- ബുള്ളറ്റിന് ഡി.ടി.ഐ.- %E2%80%8D/ |
| മാർഗ്ഗനിർദ്ദേശങ്ങളും ഉപദേശങ്ങളും | http://dhs.kerala.gov.in/-- %E2%80%8Dനിര്ദേശങ്ങള്ിന്റെ %E2%80%8D/ |
| ബോധവൽക്കരണ സാമഗ്രികൾ | https://www.dropbox.com/sh/l2h2n9hu737lea3/AAD43CHbedUZa_8PUY9v3m0Wa?dl=0 |
| പോസ്റ്ററുകൾ | http://dhs.kerala.gov.in/photo-gallery/ |
| കോവിഡ്-19 ജാഗ്രത | https://covid19jagratha.kerala.nic.in/ |
| ഇ-സഞ്ജീവനി | https://esanjeevaniopd.in |
| ആരോഗ്യകേരളം | https://arogyakeralam.gov.in/ |

| | |
|---|---|
| ഹെൽത്ത് സർവീസസ് ഡയറക്ടറേറ്റ് | https://dhs.kerala.gov.in/ |
| മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ് | http://www.dme.kerala.gov.in/ |
| ആരോഗ്യ കുടുംബക്ഷേമ വകുപ്പ് | https://health.kerala.gov.in/ |
| പരിശീലന സഹായികൾ | https://www.youtube.com/c/keralahealthonlinetraining |

**അനുബന്ധം 4. ജില്ലാ മാനസിക ആരോഗ്യ സേവന നമ്പറുകൾ**

| ജില്ല | ഫോൺ നമ്പർ |
|---|---|
| തിരുവനന്തപുരം | 9846854844 |
| കൊല്ലം | 0474 2740166, 8281086130 |
| പത്തനംതിട്ട | 8281113911 |
| ആലപ്പുഴ | 04792344474 |
| കോട്ടയം | 9539355724 |
| ഇടുക്കി | 04862226929, 9496886418 |
| എറണാകുളം | 04842351185, 9846996516 |
| തൃശ്ശൂർ | 048723831553 |
| പാലക്കാട് | 04912533323 |
| മലപ്പുറം | 7593843617, 7593843625 |
| കോഴിക്കോട് | 9495002270 |
| വയനാട് | 9400348670 |
| കണ്ണൂർ | 04972734343, 9495142091 |
| കാസറഗോഡ് | 9072574748, 9447447888 |

- ജില്ല ഹെൽപ്പ് ലൈൻ നമ്പരുകൾ രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി വരെ മാത്രമേ സേവനങ്ങൾ നൽകുന്നുള്ളൂ.
- *സ്റ്റേറ്റ് ടോൾ ഫ്രീ ഹെൽപ്പ് ലൈൻ നമ്പറായ ദിശ (0471-2552056, 1056) 24 മണിക്കൂറും പ്രവർത്തനക്ഷമമാണ്.*